സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**R.O.C. No.8045/24/NS**

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 27/03/2026

## സർക്കുലർ

വിഷയം : ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ 1201 എം.ഇ പൈങ്കുനി ഉത്സവം സംബന്ധിച്ച്.
സൂചന : സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ 25.03.2026 ലെ 451/26/സിഎ 2നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജ്യോത്സ്യർ ഡോ. കെ.ബാലകൃഷ്ണ വാര്യർ തയ്യാറാക്കി തന്ന 2026 ലെ ഡയറികളിലും, കലണ്ടറുകളിലും തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രം കൊടിയേറ്റ് 24.03.2026 നും ആറാട്ട് 01/04/2026 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ശ്രീപത്മനാഭസ്വാമി ടെമ്പിൽ ട്രസ്റ്റിന്റെ 02.02.2026 ലെ SPTT/377/2026/2336 കത്ത് പ്രകാരമുള്ള അറിയിപ്പിൽ കൊടിയേറ്റ് 24.03.2026-നും ആറാട്ട് 02/04/2026-നുമാണ് രേഖപ്പെടുത്തി കാണുന്നതെന്നും ആകയാൽ മതിലകം രേഖ കണക്കിലെടുത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ 1201-മാണ്ടത്തെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ആറാട്ട് 02.04.2026 ന് ആകയാൽ തിരുവനന്തപുരം നഗരത്തിൽ ഉച്ചയ്ക്ക് ശേഷം ദേവസ്വം അവധിയാണെന്നുള്ള ഒരു സർക്കുലർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വിവരിച്ച് സാംസ്കാരിക പുരാവസ്തു വിഭാഗം ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചു.

പ്രസ്തുത വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ആകയാൽ 2026 വർഷത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഡേറ്റ് കലണ്ടറിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട് 02.04.2026 ന് ആണെന്ന് നിശ്ചയിച്ച് ബോർഡ് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
**സെക്രട്ടറി**

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :

1. ദേവസ്വം കമ്മീഷണർ
2. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം
3. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
4. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
5. ഐ.റ്റി .ഡിവിഷൻ
6. മിനിട്സ്
7. സെക്ഷൻ ഫയൽ
8. ആഫീസ് കോപ്പി